ശ്രീ. എം. എം. തോമസ്സ് : സപ്ലൈവിവരത്തിന്റെ കൂട്ടത്തിൽ "ചക്കാത്തു" ഭക്ഷണം കിട്ടിയിട്ടുള്ള വിവരവുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ, ദയവുചെയ്ത് ഈ ഏർപ്പാട് നിർത്തിവയ്ക്കാമോ ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ஸ்ரீ. என். கணபதி : *ஸர், மத்திய மந்திரி சபையிலும், தமிழ்நாட்டு மந்திரி சபையிலும் மந்திரிகளின் கணக்கு மற்றும் நடத்தைகளுக்கு விதிமுறைகள் உள்ளன. குறிப்பாக விருந்துகளுக்குப் போவதற்கும் மற்றும் கட்டுப்பாடுகள் உள்ளதுபோல நமது மந்திரி சபையும் செய்யலாமா ?*

ശ്രീമതി. കെ. ആർ. ഗൗരി : ചോദ്യം മനസ്സിലായില്ല.

മി. സ്പീക്കർ : ഇങ്ങനെ വിരുന്നിനും മറ്റും മന്ത്രിമാർ പോകുന്നതിനെ സംബന്ധിച്ചു മദ്രാസിൽ രൂഢം ഉണ്ട്. ഇവിടെയും അപ്രകാരം വല്ല രൂഢിയും ഉണ്ടോ എന്നാണ് ചോദ്യം.

ശ്രീമതി. കെ. ആർ. ഗൗരി : ഇവിടെ രൂഢി ഇല്ല.

Shri. S. P. Luiz: May I know whether the Hon. Ministers are remitting any income tax and if so, how much ?

ശ്രീമതി. കെ. ആർ. ഗൗരി : ഇങ്കം ടാക്സ് ഉണ്ടെങ്കിൽ കൊടുക്കേണ്ടിവരും. ഇങ്കം ടാക്സ് ആഫീസറുടെ കണക്കു കിട്ടുമ്പോഴേ തുക കൊടുക്കും. ഇങ്കം ടാക്സ് ആഫീസർക്കു് വേറെ ഒരു കണക്കു കൊടുക്കുന്ന പതിവു് മന്ത്രിമാർക്കില്ല.

വിദ്യാഭ്യാസരംഗത്തു് പരിഷ്ക്കാരങ്ങൾ

* 57. [144] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സെക്കണ്ടറി വിദ്യാഭ്യാസരംഗത്തു് പുതുതായിട്ടെന്തെങ്കിലും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വിശദീകരിക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ, ബി) നടപ്പിൽ വരുത്തിയിട്ടില്ല. താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്. പാഠ്യവിഷയങ്ങളുടെ സിലബസ്സു് പരിഷ്ക്കരിക്കുകയും പുതുക്കിയെഴുതിക്കൊണ്ടിരിക്കുകയുമാണു്. സയൻസു്, സോഷ്യൽസ്റ്റഡീസു്, കണക്കു് എന്നീ വിഷയങ്ങളുടെ സിലബസ്സു് നവീകരണം പൂർത്തിയായിക്കഴിഞ്ഞു. ആധുനികലോകത്തിന്റെ ആവശ്യങ്ങളും ശാസ്ത്രീയവികസനങ്ങളും കണക്കിലെടുത്തു് പാഠ്യവിഷയങ്ങൾക്കു് സമയപരിധി കൽപ്പിച്ചുകൊണ്ടു് ഇന്നത്തെ ഓരോ വിഷയത്തിനു് പീരിയഡ് നിർണ്ണയം ചെയ്യുന്നതിനു് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണു്. പുതിയ സിലബസ്സു് നടപ്പാക്കുന്നതോടുകൂടി, പീരിയഡ് നിർണ്ണയത്തിലുള്ള പരിഷ്ക്കാരവും നടപ്പിൽ വരും. വസ്തുനിഷ്ഠമായ അദ്ധ്യാപനം എല്ലാ ലവലിലും ഈ കൊല്ലം മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണു്. അദ്ധ്യയനദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഉദ്ദേശമുണ്ടു്.

ശ്രീ. പി. കെ. രാഘവൻ : എസ്. എസ്. എൽ. സി. കോഴ്സു് പൂർത്തിയാക്കുകയും പരീക്ഷയ്ക്കിരിക്കുകയും തോൽക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കു് തുടർന്നു ക്ലാസിൽ ചേർന്നു പഠിക്കാൻ അവസരം നൽകുന്നതിനു നടപടികൾ എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അതു് വിദ്യാഭ്യാസപരിഷ്കാരത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുകയില്ല. പരാജയപ്പെട്ട വിദ്യാർത്ഥികൾക്കു് ക്ലാസിലിരുന്നു പഠിക്കാതെതന്നെ പരീക്ഷയ്ക്കു ചേരാമെന്നാണു് നിർദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. പി. കെ. രാഘവൻ : അങ്ങനെയൊരു നടപടി സ്വീകരിച്ചാൽ ഫീസു കൊടുക്കാൻ നിർവാഹമില്ലാത്ത വിദ്യാർത്ഥികൾക്കു്, വിശേഷിച്ചും ഹരിജനവിദ്യാർത്ഥികൾക്കു് പരീക്ഷയ്ക്കിരിക്കാനുള്ള അവസരം നഷ്ടപ്പെടുകയായിരിക്കും ഫലം. ട്യൂട്ടോറിയൽ കോളേജിൽ പഠിക്കാൻ വലിയ ഫീസു കൊടുക്കേണ്ടിവരും. അങ്ങനെയുള്ളവർക്കു ക്ലാസിൽ ചേർന്നു പഠിത്തം പൂർത്തിയാക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : സ്വകാര്യമായി പഠിച്ചു പരീക്ഷയ്ക്കിരുന്നാൽ മതിയെന്നാണു് തീരുമാനം. അതിൽക്കൂടുതലായി ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : പരിഷ്കാരത്തിന്റെ കൂട്ടത്തിൽ മെത്തേഡ് ഓഫ് ടീച്ചിംഗിൽ മാറ്റം വരുത്തിക്കൊണ്ടു് ഇപ്പോഴത്തെ യൂണിറ്റ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഒരു സംപ്രദായമേർപ്പെടുത്തിയിട്ടുണ്ടു് എന്നാണറിയുന്നതു്. ഈ സമ്പ്രദായം പൂർണ്ണ പരാജയമാണെന്നു് തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : വേറെ ചോദ്യം ഈ വിഷയത്തെപ്പറ്റി വരുന്നുണ്ടു്. ഈ സമ്പ്രദായം ഒരു പരാജയമാണെന്നു് എല്ലാ അദ്ധ്യാപകർക്കും അഭിപ്രായമുണ്ടെന്നറിവില്ല. ഏതു പുതിയ പദ്ധതി വരുമ്പോഴും ആക്ഷേപങ്ങളും വിജയസാധ്യതയെക്കുറിച്ചുള്ള സന്ദേഹങ്ങളും ഉണ്ടാവുക സ്വാഭാവികം മാത്രമാണു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : അമേരിക്കയിൽ ഈ സമ്പ്രദായം പരീക്ഷിച്ചുനോക്കി തള്ളിക്കളഞ്ഞതായിട്ടാണു് തോന്നുന്നതു്. അതു ശരിയാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അമേരിക്കയിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു ഞാൻ മനസ്സിലാക്കിയിട്ടുള്ള ഉപരിപ്ലവമായ കാര്യങ്ങൾ മാത്രംവച്ചു പറഞ്ഞാൽ എനിക്കു് ആ അഭിപ്രായമില്ല. അമേരിക്കയിൽ പരാജയപ്പെട്ട ഒരു പദ്ധതിയാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. പല വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെയും കമ്മിറ്റികളുടെയും ശുപാർശയനുസരിച്ചാണു് ഈ സമ്പ്രദായമേർപ്പെടുത്തിയതു്.

ശ്രീ. എൻ. കെ. ശേഷൻ : സെമസ്റ്റർ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സു കംപ്ലീറ്റു ചെയ്തിട്ടുള്ളവർക്കു് പരീക്ഷയ്ക്കിരുത്താതെ സർട്ടിഫിക്കറ്റുമാത്രം കൊടുക്കുന്ന രീതി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെയൊരു പരിഷ്കാരം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഇങ്ങനെയൊരു പരിഷ്കാരത്തെപ്പറ്റി ശേഷൻമാസ്റ്റർ അഭിപ്രായപ്പെട്ട വിവരം, പരിഷ്കാരത്തെക്കുറിച്ചു ചിന്തിക്കുന്നവരുടെ ശ്രദ്ധയിൽപെടുത്താം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : പുതിയ പരിപാടി പ്രായോഗികമായി വിജയത്തിൽ കലാശിക്കുമെന്നു കരുതുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഗവർണ്മെന്റു് പുതിയ ഒരു പദ്ധതിയും പരിപാടിയും തുടങ്ങുന്നതു് അതു പരാജയത്തിൽ കലാശിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയായിരിക്കുകയില്ല. വേണ്ടത്ര ചർച്ചകളും ആലോചനയും നടത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് നടപ്പാക്കാനാരംഭിക്കുന്നത്. എന്നാൽ എല്ലാ പരിപാടിയും വിജയിക്കണമെന്നുമില്ല. ഈ പരിപാടി വിജയിക്കുമെന്നാണ് വിശ്വാസം.

ശ്രീ. വി. വി. കുഞ്ഞാമു : പ്രീഡിഗ്രി എന്നുള്ള കോഴ്സു മാറ്റിയിട്ട് സ്കൂൾ വിദ്യാഭ്യാസം ഹൈയർസെക്കൻഡറി എന്നുള്ള നിലയിലാക്കി അതിനുശേഷം ഡിഗ്രികോഴ്സ് ആക്കുകയാണെങ്കിൽ കൂടുതൽ നന്നായിരിക്കുകയില്ലേ? പ്രീഡിഗ്രി യെന്ന ഒന്നു മദ്ധ്യത്തു നിറുത്തിക്കൊണ്ടുള്ള ഈ സമ്പ്രദായം ഉണ്ടായാൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർണ്ണമായി ലഭിക്കുന്നതിനു തടസ്സമുണ്ടാവുകയില്ലേ; അതുകൊണ്ട് പുതിയ ഡിഗ്രികോഴ്സ് ഏർപ്പെടുത്താൻ ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇതിനെപ്പറ്റി പെട്ടെന്ന് ഒരഭിപ്രായം പറയുന്നതു ശരിയായിരിക്കുകയില്ല. ഈ വിദഗ്ദ്ധാഭിപ്രായം വേറെ പലരും പുറപ്പെടുവിച്ചിട്ടുണ്ട്. അതു സർവ്വകലാശാലയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നാണ് എന്റെ അറിവു്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

* 58. [145] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) :

,, സി. ബി. ചന്ദ്രശേഖര വാര്യർ :

,, എസ്. ദാമോദരൻ :

,, എ. എസ്. എൻ. നമ്പീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ സർവ്വീസിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എത്ര ;

(ബി) അവരുടെ നിയമനത്തിന്റെ സ്വഭാവം എന്തു് ;

(സി) ടൈപ്പ്റൈറ്റിംഗ് ലോവറും, ഹയറും, എസ്.എസ്.എൽ.സി.യും പാസ്സായിട്ടുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ പ്രമോഷൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു സർക്കാരിലേക്കു ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ടു്.

(ഡി) പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചശേഷം, നിവേദനത്തിലെ നിർദ്ദേശം സ്വീകാര്യമല്ലെന്നു തീരുമാനിച്ചു.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : അടുത്തകാലത്തുണ്ടായ ശമ്പള പരിഷ്ക്കാരത്തെത്തുടർന്നു അതിനെക്കുറിച്ചും. അവർ നിവേദനം നടത്തുകയും സമരപരിപാടികളും ആവിഷ്ക്കരിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു് അവർ സമർപ്പിച്ച നിവേദനത്തിലെ കാര്യങ്ങളും സ്വീകരിക്കാൻ നടപടിയെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : ചോദ്യം മനസ്സിലായില്ല. അവസാനഭാഗം കേട്ടുമില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ലോവർ ഗ്രേഡ് ജീവനക്കാർ ഗവണ്മെന്റിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ശമ്പള പരിഷ്ക്കാരത്തെപ്പറ്റിയും മറ്റും പറഞ്ഞിട്ടുണ്ടു്. അവർ സമരപരിപാടികളും ആരംഭിച്ചിരിക്കുന്ന സ്ഥിതിക്കു് അവർ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ കാര്യങ്ങളും പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly